## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2161 06/10/2016-ൽ മറുപടിയ്ക്ക്

### പ്രീ പ്രൈമറിയ്ക്ക് എകീകരിച്ച കരിക്കുലവും സിലബസ്സും

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ | | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രീ പ്രൈമറിയ്ക്ക് എകീകരിച്ച കരിക്കുലവും സിലബസ്സും തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പ്രീ പ്രൈമറിയ്ക്ക് എകീകരിച്ച കരിക്കുലവും സിലബസ്സും തയ്യാറാക്കിയിട്ടുണ്ട്. 11/08/2014-ലെ സ.ഉ(എം.എസ്) 158/2014/പൊ.വി.വ പ്രകാരം അതിന് സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്. |
| (ബി) | പ്രീ പ്രൈമറി സ്കൂളുകളിലെ നിലവിലെ പാഠ്യ പദ്ധതിയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ബി) | പ്രീപ്രൈമറി സ്കൂളുകൾക്ക് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠ്യപദ്ധതിയിൽ ചുവടെ ചേർക്കുന്നവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>1. ശൈശവകാല പരിരക്ഷയും, വിദ്യാഭ്യാസവും<br>2. ശിശുവികാസം<br>3. ശൈശവകാല പരിരക്ഷ<br>4. ശിശു വിദ്യാഭ്യാസം<br>5. ശിശുവികാസവും കളിപ്രവർത്തനങ്ങളും<br>6. പ്രീ-സ്കൂൾ അന്തരീക്ഷം<br>7. അദ്ധ്യാപക പരിശീലനം<br>8. വിലയിരുത്തൽ<br>9. പ്രീ-സ്കൂൾ വ്യവസ്ഥാപനം<br>10. രക്ഷാകർത്തൃ ബോധവത്കരണം |
| (സി) | സർക്കാർ നേരിട്ട് ഓണറേറിയം നൽകുന്ന പ്രീ പ്രൈമറി അധ്യാപികമാർക്ക് ശമ്പള സ്കെയിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ; നിയമനാംഗീകാരം ലഭിക്കാത്തവർക്ക് ആയയു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പി.എസ്.സി വഴിയും മറ്റ് വ്യവസ്ഥാപിത രീതിയിലൂടെയും നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് മാത്രമാണ് ശമ്പള സ്കെയിലിന് അർഹത. പി.റ്റി.എ നിയമിച്ച ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Sheela H

സെക്ഷൻ ഓഫീസർ